ഇറയം റിസർച്ച് ജേർണൽ

September - December 2021 Volume V Issue 3

# രാമായണവായനയിലെ സ്ത്രൈണപാഠങ്ങൾ: പുരുഷന്മാരെഴുതിയ രാമായണനോവലുകളെ മുൻനിർത്തി ചില ചിന്തകൾ

**അമ്പിളി ആർ. പി.**

**ആമുഖം**

ഭാരതീയസംസ്കാരത്തിന്റെ പ്രഭവകേന്ദ്രങ്ങളായ രാമായണം, മഹാഭാരതം എന്നിവയെ ഏറിയുംകുറഞ്ഞും സ്വാംശീകരിച്ചുകൊണ്ട് എഴുതപ്പെട്ട രചനകളിലൂടെയാണ് ഭാരതീയസാഹിത്യം വളർന്നുവന്നതെന്നുകാണാം. രാമായണ-ഭാരതാദി ഇതിഹാസങ്ങൾക്കു മുമ്പുണ്ടായിരുന്ന വൈദികസാഹിത്യം മതാത്മകവും തത്ത്വചിന്താത്മകവുമായി രുന്നു. എന്നാൽ ഈ ഇതിഹാസകാവ്യങ്ങൾ മനുഷ്യരെയും അവരുടെ അധികാരാസക്തി മുഴുത്ത യുദ്ധം തുടങ്ങിയ വിനാശകരമായ അവസ്ഥയുടെയുമൊക്കെ എക്കാലത്തെയും ഉജ്ജ്വലമായ ആഖ്യാനങ്ങളായി നിലകൊള്ളുന്നു. മനുഷ്യരെ വിജ്ഞരാക്കാനും സംസ്കാര ചിത്തരാക്കാനുമുള്ള അർത്ഥസമ്പൂർണ്ണങ്ങളായ വാങ്മയങ്ങളെന്ന നിലയിലും ഇവയ്ക്ക് പ്രസക്തിയുണ്ട്. ഭാരതത്തിന്റെ സാംസ്കാരികവും മതാത്മകവുമായ ചരിത്രത്തിലും സാമൂഹികജീവിതത്തിലും ഈ ഇതിഹാസകാവ്യങ്ങൾ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഇവയിലെ കഥാപാത്രങ്ങൾ മനുഷ്യാവസ്ഥയുടെ പ്രതിനിധാനങ്ങളായിരിക്കെത്തന്നെ ദൈവികപരിവേഷത്തോടെ വളരുകയും ഒരു ജനതയുടെ സാംസ്കാരികസ്വത്വത്തിൽ ആഴ്ന്നിറങ്ങുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ മനുഷ്യകഥയായും ദേവകഥയായും ഇവയ്ക്ക് പല പ്രകാരത്തിൽ പകർന്നാട്ടം സംഭവിച്ചിട്ടുണ്ട്. ഈ ഇതിഹാസകാവ്യങ്ങളിൽ വച്ച് ആദികാവ്യമെന്നു വ്യവഹരിക്കപ്പെടുന്ന വാല്മീകിരാമായണത്തിനാണ് ഒരുപക്ഷേ ഏറ്റവുമധികം വൈവിധ്യവും വ്യാഖ്യാനഭേദവും ഉണ്ടായിട്ടുള്ളത്. ബൃഹത്തായൊരു രാജ്യത്തിലെ ജനസഞ്ചയത്തെ ആകർഷിക്കുകയും സ്വാധീനപ്പെടുത്തുകയുംചെയ്തു കൊണ്ട് തലമുറകളായി പുതിയ രൂപഭാവങ്ങളോടെ നിലകൊള്ളുന്ന അനശ്വരമായൊരു കാവ്യശില്പമാണ് വാല്മീകിരാമായണം. രാമായണം എഴുതപ്പെട്ട കാലത്തെപ്പറ്റിയോ വാല്മീകിയുടെ ജീവിതത്തെപ്പറ്റിയോ വ്യക്തമായ ധാരണകൾ ഇന്നും ലഭ്യമല്ല. ആദ്യകാലത്ത് ഈ കാവ്യം വാമൊഴിയായിട്ടാണ് പ്രചരിച്ചിരുന്നത്. സംസ്കൃതഭാഷ ദേവനാഗരിലിപിയിൽ എഴുതാൻതുടങ്ങിയ കാലത്ത് ഇതിനു ലിഖിതരൂപം കൈവന്നു. പക്ഷേ, അപ്പോഴേക്കും ഇതിൽ ഒട്ടേറെ കൂട്ടിച്ചേർക്കലുകളും പരിവർത്തനങ്ങളും സംഭവിച്ചിരിക്കാമെന്നാണ് ഇന്ന് കണക്കാക്കുന്നത്.

രാമായണത്തിന്റെ കർത്താവായി വാല്മീകിയെയാണ് പ്രതിഷ്ഠിച്ചുപോരുന്ന തെങ്കിലും ഇതിന്റെ സമ്പൂർണ്ണവും യഥാർത്ഥവുമായ കർത്തൃത്വം വാത്മീകിയുടെതാ ണെന്ന കഥ പിന്നീടുണ്ടായതാവണം. വാല്മീകിക്കുമുമ്പുതന്നെ പല ദേശങ്ങളിലും പല

രൂപങ്ങളിലും പ്രചരിച്ചിരുന്ന ഏതോ ഒരുപാഠത്തെ വാല്മീകി ഉപജീവിച്ച് ഇതിഹാസ മാക്കിയതാവാനാണ് സാധ്യത. ഇന്ത്യയിലും അയൽരാജ്യങ്ങളിലുമായി പ്രചരിച്ച പോരുന്ന പലതരം വ്യത്യസ്തരാമായണങ്ങളെ ഉപജീവിച്ചു കൊണ്ടുള്ള കാമിൽബുൽക്കെ യുടെ ഗവേഷണം ഈ ധാരണയെ ഉറപ്പിക്കുകയും ചെയ്യുന്നുണ്ട് (1990). രാമായണത്തി ന് നിരവധി പാഠഭേദങ്ങളും അർത്ഥഭേദങ്ങളുമുണ്ട് എന്ന വസ്തുത ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നല്ല പുതിയകാലത്ത് പുതിയപാഠഭേദങ്ങൾ കണ്ടെടുക്കപ്പെടുകയും നിർമിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഈ പാഠഭേദങ്ങളുള്ളപ്പോൾ ത്തന്നെ ഇന്ന് വാല്മീകിരാമായണത്തെയാണ് അവയുടെ കേന്ദ്രപാഠം എന്ന നിലയിൽ ഗണിച്ചുപോരുന്നത്. നൂറ്റാണ്ടുകളായി ഭാരതത്തിന്റെ കലാ-സാഹിത്യ - സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ മേഖലകളിലെല്ലാം നിറഞ്ഞ സാന്നിദ്ധ്യമായി രാമായണം നിലകൊള്ളുന്നുണ്ട്. മനുഷ്യകഥയെന്ന നിലയിൽ ഉത്തമപുരുഷന്റെയും രാജാവിന്റെയും സാഹോദര്യത്തിന്റെയും ഭാര്യാധർമ്മത്തിന്റെയും പാതിവ്രത്യത്തിന്റെയും യജമാന സ്നേഹത്തിന്റെയും യുദ്ധത്തിന്റെയും വീര്യത്തിന്റെയുമൊക്കെ മുഖങ്ങളായി അതിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും വായിക്കപ്പെട്ടിട്ടുണ്ട്. ദേവകഥയെന്ന നിലയിലാകട്ടെ, നന്മയുടെ മൂർത്തിയും വിഷ്ണുവിന്റെ അവതാരവുമായ രാമൻ തിന്മയുടെ മൂർത്തരൂപമായ രാവണനെ വധിക്കുക വഴി ദേവത്വത്തിന്റെ ആഘോഷമായും ഇത് ആദരിക്കപ്പെടുക യുണ്ടായി. ഓരോ കാലത്തും അതതുസാമൂഹിക പരിതഃസ്ഥിതികൾക്കനുകൂലമായി പുനർവായന നടത്താനും വ്യാഖ്യാനിക്കപ്പെടാനുമുള്ള അനന്തസാധ്യതകൾ തുറന്നുതരു ന്ന ഉജ്ജ്വലമായ ഒരു ഇതിഹാസകാവ്യമാണ് രാമായണം.

ബഹുരൂപികളായ രാമായണ പാഠങ്ങളുള്ളതുപോലെതന്നെ ബഹുവിധമായ പാരായണ വ്യാഖ്യാന സാധ്യതകളും രാമായണത്തിനുണ്ടെന്നർത്ഥം. ഈയൊരു സവിശേഷതയാകാം രാമായണത്തെ ഇന്നും ജനമനസ്സിൽ അതുല്യമാക്കി നിർത്തുന്നത്. " രാമായണം കാലാതിവർത്തിയാകുന്ന തിന്റെ പ്രധാന കാരണം അതിന്റെ ബീജം തന്നെയാണ്. രാമൻ, രാവണൻ , സീത, തട്ടിക്കൊണ്ടുപോകൽ തിരിച്ചെടുക്കൽ, യുദ്ധം, വിജയം, അതിന് ശേഷമുണ്ടാകുന്ന ആത്മഹത്യാപരമായ നിരാശ - ഇങ്ങനെ മനുഷ്യ ജീവിതത്തെ ബാധിക്കുന്ന, ഓരോ വ്യക്തിയേയും ആഴത്തിൽ അലട്ടുന്ന ചില സംഗതികൾ രാമായണത്തിലുണ്ട് " (സിവിക് ചന്ദ്രൻ,2019: പുറം 20). ഇപ്രകാരം നിരന്തരമായ രാമായണവായനകൾക്ക് കാരണങ്ങൾ അനവധിയാണ്. വ്യത്യസ്തമായ നിലയിൽ രാമായണം വായിക്കാനുള്ള സാധ്യത ഓരോകാലത്തും രൂപപ്പെട്ട സിദ്ധാന്ത ങ്ങളിലൂടെ രാമായണത്തെ നോക്കിക്കാണാൻ പണ്ഡിതരെ പ്രേരിപ്പിച്ചിട്ടുണ്ട്. സ്ത്രീവാദ ത്തിന്റെയും കീഴാളവാദങ്ങളുടെയും കണ്ണിലൂടെയുള്ള രാമായണവായനകൾ ഇതിനകം ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. രാമായണപാഠങ്ങളിൽ ദമിതമാക്കപ്പെട്ട സ്ത്രീകളെ കണ്ടെടുക്കുന്നതിന് സ്ത്രീവാദസമീപനങ്ങൾ സഹായകമായിട്ടുണ്ട്. പുരുഷാധിപത്യ ത്തിന്റെ ഇരയായി മാറിയ സീത എന്ന പെൺകുട്ടിയുടെ നേർക്കുനടന്ന നീതി നിഷേധത്തിന്റെ കഥയായി രാമായണത്തെ വായിക്കാമെന്നു പറയുന്ന സാറാജോസഫ് മിഥിലയിൽ വച്ച് സകല കലകളിലും പ്രാവീണ്യം നേടിയ പണ്ഡിതയായ സീത

അയോധ്യയിലെ അധികാരതർക്കങ്ങളിൽപ്പെട്ട് നരകിക്കുന്നതിനെക്കുറിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ട് (എന്തുകൊണ്ട് ഇത്രയധികം രാമായണങ്ങൾ, പുറം 21 ). സ്ത്രീപക്ഷകാഴ്ചപ്പാടിൽ മലയാളനോവലുകളിലെ രാമായണപാഠങ്ങൾ നിരീക്ഷിക്കുകയും അവ മുന്നോട്ടുവയ്ക്കുന്ന സ്ത്രീവായനകളെ നിരീക്ഷിക്കുകയാണ് ഈ പഠനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

**രാമചരിതത്തിൽനിന്ന് എഴുത്തച്ഛനിലേക്ക്**

മലയാളസാഹിത്യത്തിന്റെ വ്യവസ്ഥാപിതചരിത്രം ആരംഭിക്കുന്നതുതന്നെ രാമായണകഥാഖ്യാനത്തോടെയാണ്. ഏതാണ്ട് ഏഴുനൂറ്റാണ്ടിലേറെ പഴക്കമുണ്ട് മലയാളത്തിലെ രാമകഥാസാഹിത്യത്തിന്. ഇന്നോളമുള്ള രാമായണ കഥാസ്പദങ്ങളായ മലയാളകൃതികൾ, വിവിധ സാഹിത്യരൂപങ്ങളിലൂടെ മലയാളിയുടെ ഭാവനയെയും അഭിരുചികളെയും നിർണയിച്ചുപോരുന്നതിന്റെ അടയാളങ്ങളാണ്. പ്രാചീനവും ആധുനികവുമായ ഏതു സാഹിത്യരൂപം പരിശോധിച്ചാലും അതിൽ ഗണനീയമായ സ്ഥാനം ഇത്തരം കൃതികൾക്കുണ്ട്. രാമായണകഥാബദ്ധമായ കൃതികളാകെ മാറ്റിനിർത്തി നോക്കിയാലറിയാം അവശേഷിക്കുന്ന മലയാളസാഹിത്യം എത്രത്തോളം ശുഷ്കമാണെന്ന്. പാട്ട്പ്രസ്ഥാനത്തിലെ പ്രഥമകാവ്യമായ രാമചരിതമാണ് ലഭ്യമായിടത്തോളം രാമായണകഥാസ്പദമായ ആദ്യകൃതി. യുദ്ധകാണ്ഡത്തെ കേന്ദ്രീകരിച്ചുകൊണ്ട് എഴുതപ്പെട്ടുവെങ്കിലും അതുവരെയുള്ള രാമായണകഥാംശം അവിടെവിടെയായി സൂചിപ്പിച്ചുകൊണ്ട് കഥാപൂർത്തിവരുത്താൻ ചീരാമകവി ശ്രമിച്ചിട്ടുണ്ട്. പക്ഷേ രാമചരിതം വാല്മീകിരാമായണത്തിലെ മനുഷ്യകഥയെ അനുസന്ധാനംചെയ്യുന്നതാണെന്ന് പറയാനാവില്ല. അതിൽ രാമൻ വിഷ്ണുവിന്റെ അവതാരമായിമാറിക്കഴിഞ്ഞു. അതനുസരിച്ച് ദേവകഥയായി പരിവർത്തിക്കപ്പെട്ട രാമായണപാഠമാണ് കേരളത്തിൽ തുടക്കംമുതൽ പ്രചരിച്ചുപോന്നത് എന്നുപറയാം.

തുടർന്ന് ശ്രദ്ധേയമായത് കണ്ണശപ്പണിക്കരുടെ രാമായണകാവ്യമാണ്. വാല്മീകിയെ ഏറെക്കുറെ ഉപജീവിച്ചാണ് കഥാപുരോഗതി നിർവ്വഹിച്ചിട്ടുള്ളതെങ്കിലും അടിസ്ഥാനമായി അതും ദേവകഥാത്മകമായിത്തീർന്നിട്ടുണ്ട്. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിലെത്തുമ്പോൾ മലയാളത്തിലെ രാമകഥാഖ്യാനത്തിന്റെ ചരിത്രം തികച്ചും വ്യത്യസ്തമായി മാറുന്നുണ്ട്. മലയാളിയെ പില്ക്കാലത്ത് ഏറെ സ്വാധീനിക്കുകയും നിത്യപാരായണത്തിന് ഉപയുക്തമാകുംവിധം രാമനെ ദേവനാക്കി ചിരപ്രതിഷ്ഠ നൽകുകയുംചെയ്തത് എഴുത്തച്ഛന്റെ കാവ്യമാണ്. അതുവരെ തുടർന്നുപോന്ന തും പിന്നീടുള്ള കാലത്ത് ഉറപ്പാക്കുകയും ചെയ്ത രാമകഥാപാരമ്പര്യത്തിൽ നടുനായക മായി വർത്തിക്കുന്നത് എഴുത്തച്ഛന്റെ രചനയാണ്. ഈ കാലയളവോടെ രാമകഥയ്ക്ക് മറ്റു സാഹിത്യരൂപങ്ങളിലേക്കുകൂടി വ്യാപനമുണ്ടാവുകയും മലയാളസാഹിത്യചരിത്രത്തിൽ ആഴത്തിൽ ഇടംനേടുകയും ചെയ്യുന്നുണ്ട്. തുടർന്ന് ചമ്പുക്കൾ, മഹാകാവ്യങ്ങൾ, കിളിപ്പാട്ട്, തുള്ളൽ എന്നിങ്ങനെ രാമായണകഥ വളർന്നു വികസിച്ചു. നാടോടിപ്പാട്ടു

കളായും നാടോടികലകളായും താരാട്ട്, വഞ്ചിപ്പാട്ട്, കളംപാട്ട്, ഊഞ്ഞാൽപ്പാട്ട്, അമ്മാനപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട് തുടങ്ങിയവയായും രാമകഥാവിഷ്കാരങ്ങൾ ധാരാളം പുറത്തുവന്നിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ മലയാളകവിതയിൽ പുതിയൊരു ഭാവുകത്വപരിസരം രാമായണസന്ദർഭങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. സീതാരാമബന്ധം സമൂഹത്തിൽ നിലനിൽക്കുന്ന ഗാർഹസ്ഥ്യബന്ധത്തിന്റെ കണ്ണാടിയാണെന്ന് അഭിപ്രായപ്പെടുന്ന പി. പവിത്രൻ പ്രാചീന അധികാര ബന്ധങ്ങളുടെ ശരിതെറ്റുകൾ നിർണയിക്കുന്ന കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയുടെ പരിസരത്തിലൂടെ വായനക്കാർ സ്ത്രീ-പുരുഷ കർതൃസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രത്തെ അംഗീകരിക്കുക യോ നിരാകരിക്കുയോ ആണ് ചെയ്യുന്നതെന്ന് നിരീക്ഷിക്കുന്നുണ്ട് (2002: 183 - 184 )

**ആധുനികതയുടെ രാമായണപാഠങ്ങൾ**

പത്തൊമ്പതാം നൂറ്റാണ്ടിനുശേഷമുള്ള രചനകളിൽ ചില പുതിയ വീക്ഷണങ്ങൾ പൊതുവെ പ്രത്യക്ഷപ്പെടാൻ തുടങ്ങുകയും വർത്തമാനകാലപ്രശ്നങ്ങൾ രാമായണ കഥ യിലൂടെ ആവിഷ്കരിക്കാൻ ആധുനികർ ശ്രമിക്കുകയും ചെയ്യുന്നതു കാണാം. പുതിയതര ത്തിൽ രാമായണത്തെ വായിക്കാനുള്ള ശ്രമംതന്നെ വിപ്ലവകരമായിരുന്നു. കൊളോണിയലിസത്തിലൂടെ രൂപംകൊണ്ട ആധുനികതയുടെ ആശയങ്ങൾ രാമായണവായനയെ ഗണ്യമായി സ്വാധീനിക്കുന്നത് കാണാം. ഭക്തിപ്രസ്ഥാനത്തിലെ കവികൾ അവതാരമായി കരുതി ആഘോഷിച്ച രാമന്റെ ജീവിതം ശരിക്കും വാല്മീകി പറഞ്ഞതരത്തിൽ മനുഷ്യന്റെ ജീവിതമായി തിരിച്ചറിയാനും യഥാർത്ഥസ്വത്വത്തെ തിരിച്ചുപിടിക്കാനും ആധുനികർ ശ്രമിക്കുന്നു. സന്ദർഭാനുസരണം വിവിധ കഥാതന്തു ക്കൾ തെരഞ്ഞെടുക്കാനുള്ള അവസരം സൃഷ്ടിക്കുന്നതുകൊണ്ടാവാം സാഹിത്യകാരന്മാർ ക്കിടയിൽ രാമായണകഥ ഇന്നും ഒരു അമൂല്യ അസംസ്കൃതവസ്തുവായി നിലനിൽക്കുന്നത്. നിരവധി കഥാസന്ദർഭങ്ങളുടെ ഒരപൂർവസംയോജനം രാമായണകഥാഘടനയിൽ കാണാം. അതുകൊണ്ടാവാം സാഹിത്യകാരന്മാർ രാമായണം വളരെയേറെ ഉപജീവിക്കുന്നത്. അനന്തമായ വ്യാഖ്യാനസാധ്യതകൾ ഉൾക്കൊള്ളുന്നവയാണ് ഇതിഹാസങ്ങൾ. കൃത്യമായി ഒരു ഘടനയുള്ളപ്പോൾതന്നെ താൽപര്യപൂർവ്വം മാറ്റിയെടുക്കാൻകഴിയുന്ന തരത്തിലുള്ള രൂപമാണ് ഇതിഹാസങ്ങൾക്കുള്ളത്. പറഞ്ഞും കേട്ടും സാധാരണക്കാർ ക്കിടയിൽ കൂടുതൽ പതിഞ്ഞത് രാമായണകഥയാണെന്ന് പറയാം. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കാനുള്ള സാധ്യത ഇതിനുണ്ട്. മാത്രമല്ല പുതിയൊരു ആശയം ആവിഷ്കരിക്കാൻ പുതിയൊരു കഥ പറയുന്നതിനേക്കാൾ നല്ലത് ആളുകൾ പറഞ്ഞുകേട്ട ഹൃദിസ്ഥമാക്കിയ കഥ പുതിയ രീതിയിൽ ആവിഷ്കരിക്കുകയാണ് എന്ന തിരിച്ചറിവും ആധുനികരായ എഴുത്തുകാർ രാമകഥ സ്വീകരിക്കുന്നതിന് പ്രേരകമാകുന്നുണ്ട്. മാത്രമല്ല പുതിയകാലത്തിന്റെ സാമൂഹികസങ്കല്പങ്ങൾക്ക് അനുസരിച്ച് വ്യാഖ്യാനിക്കാനും ഉറച്ചുപോയ ധാരണകളെ തിരുത്താനുമുള്ള താൽപര്യവും ഇതിനു പിന്നിലുണ്ട്.

സാറാ ജോസഫിന്റെ താലം, അശോക തുടങ്ങിയവയും പുതുരാമായണ വായനകളും എൻ. എസ്. മാധവന്റെ അഹല്യയുമൊക്കെ വളരെ ശ്രദ്ധേയമായ രചനകളാണ്. രാമായണ സന്ദർഭങ്ങളെ അതേപടി പുനഃസൃഷ്ടിക്കാനല്ല മറിച്ച് പുതിയ കാലത്തിന്റെ വ്യത്യസ്താശയങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങളാണ് ഈ രചനകളിലുള്ളത്. ഇത് രാമായണത്തിന്റെ വലിയൊരു സാധ്യതയായും പ്രഖ്യാത മായ രാമേതിവൃത്തത്തിലെ വൈരുദ്ധ്യങ്ങളെ കണ്ടെറിയാനുള്ള പുതിയ എഴുത്തുകാരുടെ ശ്രമമായും കാണാവുന്നതാണ്. നോവൽസാഹിത്യം പരിശോധിക്കുമ്പോഴും സ്ഥിതി വ്യത്യസ്തമല്ല. ആംഗലേയസാഹിത്യത്തിൽനിന്നു കടന്നുവന്ന സാഹിത്യരൂപമാണ് നോവലെങ്കിലും മലയാളത്തിലെ ഇന്നത്തെ ഏറ്റവും വികസിതമായ സാഹിത്യരൂപ മാണിത്. രാമായണസ്വാധീനം ഒളിഞ്ഞും തെളിഞ്ഞും നോവൽസാഹിത്യത്തിലും കാണാവുന്നതാണ്.

**സീതായനത്തിന്റെ പാഠങ്ങൾ**

ഇതിഹാസത്തിലെ സ്ത്രീകഥാപാത്രങ്ങളെ ആധുനിക നോവൽസാഹിത്യത്തിൽ വ്യത്യസ്തരീതിയിൽ പുനരാഖ്യാനം ചെയ്തുകൊണ്ട് സ്ത്രീപക്ഷനിലപാടുകൾ അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ പലപ്പോഴും നടന്നിട്ടുണ്ട്. രാമായണത്തിലെ സ്ത്രീകഥാപാത്രങ്ങളെ കേന്ദ്രീകരിച്ച് എഴുതിയിട്ടുള്ള നോവലുകൾ എപ്രകാരമാണ് സ്ത്രീമനസ്സിനെ തങ്ങളുടെ രചനകളിൽ ആവിഷ്കരിച്ചിട്ടുള്ളതെന്നും എത്രമാത്രം സ്ത്രീപക്ഷകാഴ്ചപ്പാടുകൾ പുലർത്താൻ അവയ്ക്കുസാധിച്ചുവെന്നും ആധുനികകാലത്തെ സാഹിത്യരൂപമായ നോവൽ എപ്രകാരമാണ് സ്ത്രീപക്ഷവായന നിർവഹിച്ചുവെന്നും മനസ്സിലാക്കുന്നതിന് അവയുടെ പഠനംസഹായിക്കും. മാത്രമല്ല ഈ പുനർരചനകൾ എത്രത്തോളം മൂലേതിവൃത്തത്തിൽനിന്നും വ്യതിചലിക്കുന്നുവെന്നും ഈ രചനകളിൽ എഴുത്തുകാരുടെ രചനാവ്യക്തിത്വം എങ്ങനെ അടയാളപ്പെടുത്തിയിട്ടുണ്ടെന്നു വിശകലനം ചെയ്യാനും ഇത്തരമൊരു വായന സാധ്യതനൽകും. ആയതിനാൽ മൂന്ന് വ്യത്യസ്തനോവലു കൾ മുൻനിർത്തി അവയുടെ ഇതിഹാസപുനരാഖ്യാനപശ്ചാത്തലം വിശകലനം ചെയ്യാനാണ് തുടർന്നുശ്രമിക്കുന്നത്. രാമായണത്തിലെ സ്ത്രീകഥാപാത്രങ്ങളെ പ്രത്യക്ഷത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് എഴുതപ്പെട്ട കെ. സുരേന്ദ്രന്റെ *സീതായനം*, ജി. ഗോപാലകൃഷ്ണൻ നായരുടെ *വംശസാക്ഷി*, മാത്യൂസ് കടമ്പനാടിന്റെ *ഊർമ്മിള* എന്നീ മൂന്നുനോവലുകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. പുരുഷന്മാർ എഴുതിയ ഈ നോവലുകൾ സ്ത്രീയെ എങ്ങനെ ആവിഷ്കരിക്കാൻ ശ്രമിച്ചു എന്നന്വേഷിക്കുന്നതിലൂടെ സ്ത്രീയെ പുരുഷൻ എങ്ങനെ കാണാൻ ശ്രമിച്ചു എന്നത് വിശകലനംചെയ്യാൻ പറ്റും.

രാമായണത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു സ്ത്രീ കഥാപാത്രങ്ങളാണ് സീതയും ഊർമ്മിളയും. രാമായണം വാസ്തവത്തിൽ രാമന്റെ അയനം മാത്രമല്ല സീതയുടെ അയനം കൂടിയാണെന്നു പറയാറുണ്ട്. ഭാരതീയരുടെ മനസ്സിൽ സ്ത്രീസ്വഭാവത്തിന്റെ

ഉത്തമ മാതൃകാരൂപങ്ങളായി വർത്തിക്കുന്ന സീത, ഊർമ്മിള എന്നിവരെ പാതിവ്രത്യത്തിന്റെ ഉത്തുംഗരൂപങ്ങളായി കൊണ്ടാടാറുണ്ടെങ്കിലും പലപ്പോഴും പുരുഷന്റെ നിഴൽരൂപങ്ങളായിട്ടേ ഇവർക്ക് സ്ഥാനമുള്ളൂ. രാമായണം പുരുഷന്മാരുടെ കാഴ്ചപ്പാടുകളിലൂടെ വ്യാഖ്യാനിക്കപ്പെടുമ്പോൾ അതിന് പരഭാഗശോഭ നൽകാൻ കൂട്ടുപിടിക്കുന്നവരാണ് പലപ്പോഴും സ്ത്രീകഥാപാത്രങ്ങൾ. എന്നാൽ രാമായണകഥയെ അതിലെ ക്രിയാകാരൻമാരായ പുരുഷന്മാരുടെ പ്രവൃത്തികളുടെ അനുഭോക്താക്കൾ മാത്രമായി നിൽക്കുന്ന സ്ത്രീകളുടെ കണ്ണിലൂടെ രാമായണത്തെ പുനഃസൃഷ്ടിക്കാൻ നടത്തിയ ശ്രമങ്ങളാണ് ഈ നോവലുകൾ. സ്ത്രീവാദചിന്തകളുടെ വർത്തമാനകാല പശ്ചാത്തലത്തിൽ പൂർണ്ണമായി വിലയിരുത്താൻ പാകത്തിലുള്ളവയല്ലെങ്കിലും സ്ത്രീ കാഴ്ചകളിലൂടെ ഇതിഹാസകഥയെ പുനരവതരിപ്പിച്ച ഈ കൃതികൾക്ക് നിശ്ചയമായും ചരിത്രപ്രസക്തിയുണ്ട്.

*സീതായന*ത്തിൽ കെ. സുരേന്ദ്രൻ, കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ പുരോഗമിക്കുന്ന ആഖ്യാനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. നോവലിസ്റ്റ് ചിലയിടങ്ങളിൽ തന്റേതായ ഇടപെടലുകളും നടത്തുന്നുണ്ട്. രാമന്റെ കഥയാണ് രാമായണമെങ്കിൽ സീതയുടെ കഥയാണ് സീതായനം. രാവണാപഹാരത്തിനു ശേഷമുള്ള സീതയുടെ ജീവിതം മുതൽ രാജധാനിയിലെ സീതയുടെ ആത്മത്യാഗം വരെയുള്ള കഥയാണ് സീതായനത്തിൽ വർണ്ണിച്ചിരിക്കുന്നത്. ഒരുതരത്തിൽ രാമനു നഷ്ടപ്പെട്ട സീതയുടെ കഥ മുതൽ രാമൻ നഷ്ടപ്പെടുത്തിയ സീതയുടെ കഥവരെയാണ് ഇതിലുള്ളതെന്നു പറയാം. മൂലരാമായണകഥയെ ഏറെക്കുറെ പിന്തുടരുന്നുണ്ടെങ്കിലും ചിലയിടങ്ങളിൽ സ്ത്രീപക്ഷത്തുനിൽക്കാനുള്ള ചില ശ്രമങ്ങൾ നോവലിസ്റ്റ് നിർവഹിച്ചിരിക്കുന്നു. കഥയുടെ ആഖ്യാന ഘടനയിൽ സീതയെ മുൻനിർത്തിയിട്ടുണ്ടെങ്കിലും മൂലകൃതിയിൽനിന്ന് കാര്യമായ വ്യതിചലനമൊന്നും ഈ കൃതിയിൽ ഉണ്ടായിട്ടില്ല. സീത രാവണരാജധാനിയിൽ എത്തിയതുമുതൽ പിന്നീടുള്ള കഥകളൊക്കെ ക്രമബദ്ധമായി പറഞ്ഞുപോകാനേ നോവലിസ്റ്റ് ശ്രമിച്ചിട്ടുള്ളൂ. രാമകഥ ഒരു പുനർവിചാരണ നടത്താനുള്ള സാധ്യത എഴുത്തുകാരൻ വിനിയോഗിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സാധാരണത്വം മാത്രമേ സീതായനത്തിന് അവകാശപ്പെടാനുള്ളൂ .

ഊർമ്മിളയുടെ ഓർമ്മകളിലൂടെ കഥ പറഞ്ഞുപോകുന്ന രീതിയാണ് *വംശസാക്ഷി*യിൽ ജി. ഗോപാലകൃഷ്ണൻ നായർ സ്വീകരിച്ചിരിക്കുന്നത്. മിഥിലയിലെ തന്റെ ബാല്യകാലം മുതൽ അയോധ്യയിലെ രാമലക്ഷ്മണന്മാരുടെ ജീവത്യാഗം വരെയുള്ള സംഭവങ്ങൾ ഊർമ്മിളയുടെ ഓർമ്മകളിൽ എത്തുന്നു. ബാല്യകാലത്തെ ഗൗരിയമ്മായി, മകൾ സുനന്ദ, സുനന്ദയുടെ മകൾ മാലിനി, കളിക്കാനായി ആശ്രയിച്ചിരുന്ന മാലിനി എന്ന മാൻകുട്ടി ഇവയൊക്കെ നോവലിസ്റ്റിന്റെ കൂട്ടിച്ചേർക്കലുകളാണ്. വർത്തമാനകാലത്തിലാണ് പ്രധാനമായും കഥാഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്. ഒരു മഹത് കാര്യം രാമനെക്കൊണ്ട് ചെയ്യിക്കുന്നതിനും അങ്ങനെ ചരിത്രപുരുഷനായി അദ്ദേഹം മാറുന്നതിനുവേണ്ടിയുള്ള വഴി

ഒരുക്കുകയായിരുന്ന താനും കൈകേയിയും ചെയ്തത് എന്ന മന്ഥരയുടെ വാക്കുകൾ ഊർമ്മിളയെ ഏറെ ചിന്തിപ്പിച്ചു. അതിഭാവുകത്വത്തിന്റെ പല സന്ദർഭങ്ങളും സാധാരണത്വത്തോടെ ആവിഷ്കരിക്കാൻ എഴുത്തുകാരൻ പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു. രാമന്റെ പ്രവർത്തികളിൽ തനിക്കുള്ള എതിർപ്പ് അതതിടങ്ങളിൽ ഇതിലെ ഊർമ്മിള പ്രകടിപ്പിക്കുന്നുണ്ട്. സീതയുടെ ആത്മത്യാഗത്തിൽ ഊർമ്മിള ആവേശം കൊള്ളുകയും സ്ത്രീകളുടെ ആത്മാഭിമാനം സീത കാത്തുസൂക്ഷിച്ചു എന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നുണ്ട് ഊർമ്മിള. ഒരു വംശത്തിന്റെ ഉയർച്ചയ്ക്കും അധഃപതനത്തിനുമൊക്കെ സാക്ഷിയാകുന്ന ഊർമ്മിള എന്നതിനാൽ *വംശസാക്ഷി* എന്ന തലക്കെട്ട് അന്വർത്ഥമാക്കുന്നു. സാക്ഷിയുടെ നിർമ്മമത്വവും നിസ്സഹായതയുമുണ്ടെങ്കിലും ഊർമ്മിളയെ മുൻനിർത്തി കഥപറയുന്നതുകൊണ്ട് അനുഭവത്തിന്റെ ചൂടും ചൂരുമുള്ള ജീവിതനിരീക്ഷണങ്ങൾ നിർവഹിക്കാൻ നോവലിൽ ഇടം ലഭിക്കുന്നുണ്ട്.

നാടകീയ സ്വഗതാഖ്യാനരീതിയാണ് *ഊർമ്മിള* എന്ന നോവലിൽ മാത്യൂസ് കടമ്പനാട് സ്വീകരിച്ചിരിക്കുന്നത്. ഊർമ്മിള തന്റെ തോഴിയായ അംബാലികയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന മുറയ്ക്ക് കഥ വളരുന്നു. അംബാലിക നേരിട്ടൊരിക്കലും ഊർമ്മിളയോട് ചോദ്യങ്ങൾ ചോദിക്കുന്നതായി നോവലിൽ സൂചിപ്പിക്കുന്നില്ല. ചോദ്യങ്ങൾ കേട്ടതായി ഭാവിച്ചു ഊർമ്മിള അവയ്ക്ക് ഉത്തരംനൽകുകയാണ് ചെയ്യുന്നത്. ഇതിൽനിന്നും കഥ പറഞ്ഞുപോകുന്നതിന് അവസരമൊരുക്കുന്ന ഒരു സങ്കേതമാണ് അംബാലിക എന്ന കഥാപാത്രം എന്നുമനസ്സിലാക്കാം. മറ്റൊരാളുടെ കേൾവിക്കായി എന്ന മട്ടിൽ കഥ പറയുന്നതിനാൽ ഇതിൽ നാടകീയ സ്വഗതാഖ്യാനരീതി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. ആഖ്യാനത്തിലെ ഇത്തരമൊരു പ്രത്യേകത നോവലിന്റെ അവതരണത്തിന് പുതുമ നൽകുന്നു. ഊർമ്മിളയുടെ ബാല്യകാലം മുതൽ സീതയുടെ ആത്മത്യാഗം വരെയുള്ള സംഭവങ്ങളാണ് *ഊർമ്മിള* യിൽ സൂചിപ്പിച്ചിരിക്കുന്നത്. അവഗണനകൾ ഏറ്റുവാങ്ങിയ തന്റെ ഇന്നലെകളെയും അപ്പോൾ താൻ വെളിവാക്കാത്ത തന്റെ മനോഭാവങ്ങളെയും അംബാലിക എന്ന തോഴിയോടെന്നവണ്ണം സ്വയം വെളിവാക്കുകയാണ് ഇതിൽ ഊർമ്മിള. സീത എക്കാലവും പുനർജ്ജനിച്ചുകൊണ്ടേയിരിക്കും എന്ന ഊർമ്മിളയുടെ വിശ്വാസത്തോടെ നോവൽ അവസാനിക്കുന്നു.

**സ്ത്രൈണതയുടെ പലമുഖങ്ങൾ**

കഥാബീജം വാല്മീകിരാമായണത്തിൽ നിന്നാണ് ഈ മൂന്ന് നോവലുകളും സ്വീകരിച്ചിരിക്കുന്നതെങ്കിലും മൂലകൃതിയിൽനിന്നും ഒട്ടേറെ മാറ്റങ്ങൾ ഇവ വരുത്തിയിട്ടുണ്ട്. വാല്മീകിരാമായണത്തിൽ നിന്ന് വ്യത്യസ്തമായി സ്ത്രീപക്ഷവീക്ഷണത്തിലൂടെയാണ് ഇവയിൽ ആഖ്യാനം നിർവഹിച്ചിരിക്കുന്നത്. മൂലകൃതിയിൽ പിൻനിരയിൽ മാത്രം സ്ഥാനംലഭിച്ചിരുന്ന സ്ത്രീകഥാപാത്രങ്ങൾ ഇവയിൽ കേന്ദ്രസ്ഥാനത്തേക്ക് കടന്നുവരുന്നു. സ്ത്രീപക്ഷത്തുനിന്ന്, അവരുടെ വാക്കുകളിലൂടെ രാമായണസന്ദർഭങ്ങൾ പുനഃസൃഷ്ടിക്കുമ്പോൾ ഓരോ സന്ദർഭത്തിലും അവരുടെ

മനോഭാവം എന്തായിരുന്നുവെന്നും ഏതൊക്കെ വികാരവിചാരങ്ങളാണ് അവരിൽ അടിച്ചമർത്തപ്പെട്ടിരുന്നതെന്നും വായനക്കാരന് മനസ്സിലാക്കാൻ കഴിയുന്നു.

സ്വയംവരസന്ദർഭത്തിൽ പറഞ്ഞുപോകുന്നതല്ലാതെ മറ്റെല്ലാ സന്ദർഭങ്ങളിലും വാല്മീകി സൗകര്യപൂർവ്വം മറക്കുന്ന ഊർമ്മിള എന്ന കഥാപാത്രത്തെ കേന്ദ്രകഥാപാത്ര മായി അവതരിപ്പിക്കുന്ന *ഊർമ്മിള*യിലും വംശസാക്ഷിയിലും. സമൂഹം മനഃപൂർവ്വം പിൻനിരയിലേക്ക് തള്ളിമാറ്റിയ സ്ത്രീയെ മുൻനിരയിൽ എത്തിക്കാനുള്ള ഫെമിനിസ്റ്റ് ചിന്തകൾക്ക് ഉപോദ്ബലകമാണ് ഈ പ്രവൃത്തി. പുരുഷാധിപത്യം, ജാത്യാധിപത്യം എന്നിവ നിലനിന്ന ആദ്യകാലഘട്ടത്തിൽനിന്ന് സമൂഹത്തിലെ മാറിവന്ന സാഹചര്യ ങ്ങളിൽ അത്തരം ധാരണകളെ ചോദ്യം ചെയ്യപ്പെട്ടുകൊണ്ട് കീഴാള സ്ത്രീപക്ഷ കാഴ്ചപ്പാടു കളോടെ ധാരാളം രചനകൾ രൂപപ്പെട്ടു. ഇതിഹാസ സന്ദർഭങ്ങൾ ഉപയോഗിച്ചുകൊ ണ്ടുതന്നെ പുതിയകാല പുനരാഖ്യാനങ്ങൾ പ്രതിരോധങ്ങൾ തീർക്കുന്നുവെന്നു കാണാം. മാത്രമല്ല രാമായണത്തിലെ സ്ത്രീകഥാപാത്രങ്ങളെ പുനർനിർമ്മിച്ചുകൊണ്ട് പുരുഷാധി പത്യസന്ദർഭങ്ങളെ ചോദ്യം ചെയ്യുകയും കർമ്മകാണ്ഡത്തിൽ നിന്ന് കർത്തൃകാണ്ഡത്തി ലേക്ക് മാറ്റി അവരെ പ്രതിഷ്ഠിക്കുകയും ചെയ്തു. പുരുഷ എഴുത്തുകാർപോലും ധാരാളം സ്ത്രീപക്ഷരചനകൾ സാധ്യമാക്കാൻ ശ്രമിക്കുകയും ഏറെക്കുറെ വിജയിക്കുകയും ചെയ്തതായി കാണാം. സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകത്രയം തുടങ്ങി ധാരാളം രചനകൾ സ്ത്രീപക്ഷനിലപാടിലൂന്നി നിന്നുകൊണ്ട് ഇതിഹാസത്തിലെ സ്ത്രീ വിരുദ്ധ സന്ദർഭങ്ങളോട് ശക്തമായി ഇടയുന്നതു കാണാം. തായാട്ടുശങ്കരൻ തുടങ്ങി ധാരാളം നിരൂപകരും ഈ ഒരു ആശയധാരയുടെ വക്താക്കൾ ആകുന്നുണ്ട്. ഇപ്രകാരം ഒരു സന്ദർഭത്തിലാണ് പുരുഷനോവലിസ്റ്റുകൾ എത്തരത്തിലുള്ള സ്ത്രീപക്ഷ നിലപാടാണ് തങ്ങളുടെ രാമകഥാ പുനരാഖ്യാനങ്ങളിൽ നിർവഹിച്ചത് എന്നു കണ്ടെത്തേണ്ടത് അവശ്യമാകുന്നത്.

മൂലകൃതിയിൽനിന്നു വ്യത്യസ്തമായി പല പുതിയ കഥാപാത്രങ്ങളും ഈ കൃതികളിൽ കടന്നുവരുന്നുണ്ട്. *സീതായന*ത്തിലെ രാക്ഷസിയായ അഞ്ജനയും *ഊർമ്മിള*യിലെ അംബാലികയും ഒക്കെ സങ്കല്പ കഥാപാത്രങ്ങളാണ്. കേന്ദ്ര കഥാപാത്ര ത്തിന്റെ മനസ്സ് വായനക്കാരനുമായി സംവദിക്കാനുള്ള അവസ്ഥ ഉണ്ടാക്കികൊടുക്കാ നുള്ള രചനാതന്ത്രങ്ങളായി വേണം ഈ പുതിയ കഥാപാത്ര സൃഷ്ടികളെ കാണാൻ. വാല്മീകിരാമായണത്തിൽ പ്രതിസ്ഥാനത്തു നിൽക്കുന്ന മന്ഥര, കൈകേയി തുടങ്ങിയ കഥാപാത്രങ്ങളെയും രാവണനെത്തന്നെയും ന്യായീകരിക്കാനുള്ള ശ്രമങ്ങൾ ഈ നോവലുകളിൽ കാണാം. കൈകേയി, പുത്രസ്നേഹത്താൽ ദുഃശ്ശാഠ്യക്കാരിയായി പ്പോയതാണെന്ന ന്യായീകരണം *ഊർമ്മിള* യിൽ കാണാം. *വംശസാക്ഷി* യിൽ അതുവരെ നിലനിന്ന വിശ്വാസങ്ങളുടെ പൊളിച്ചെഴുത്താണ് നടക്കുന്നത്. രാമനുമാത്രമേ രാവണനെ വധിച്ച് ലോകത്തെ രക്ഷിക്കാനാവൂ എന്നു മനസ്സിലാക്കിയ മന്ഥര അതിനൊരു അവസരം ഉണ്ടാക്കാനായി കൈകേയിയോടൊപ്പം ആലോചിച്ചെടുത്ത ഒരു തന്ത്രമായിരുന്നു വനവാസത്തിന് രാമനെ പറഞ്ഞയക്കുക എന്നതെന്നും ലോകത്തിന്റെ

കുറ്റപ്പെടുത്തലുകൾക്കു വിധേയരാകേണ്ടിവന്നുവെങ്കിലും രാമൻ ചരിത്രപുരുഷനാകാൻ കാരണമായി എന്നതിനാൽ കൃതാർത്ഥരായിരുന്നു അവരെന്നുമാണ് *വംശസാക്ഷി*യിൽ ഊർമ്മിളയോടുള്ള മന്ഥരയുടെ വാക്കുകൾ വെളിപ്പെടുത്തുന്നത്. മൂലകൃതിയിൽ കുറ്റപ്പെടുത്തലുകൾക്കു മുഴുവൻ പാത്രമാകേണ്ടിവന്ന ഈ കഥാപാത്രങ്ങൾ ചരിത്രസംഭവത്തിനു വഴിയൊരുക്കുകവഴി കേന്ദ്രസ്ഥാനത്തേക്ക് ആനയിക്കപ്പെടുക യാണ് *വംശസാക്ഷി*യിൽ. ഏതൊരു വിജയത്തിനുപിന്നിലും ഒരു സ്ത്രീയുടെ ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകുമെന്നും ലോകമത് സൗകര്യപൂർവ്വം മറക്കുകയും അവളിൽ പഴിചാരി രക്ഷപ്പെടാനാണ് ശ്രമിക്കുകയെന്നും ഇതിനൊരു മാറ്റം ഉണ്ടാവേണ്ടത് അനിവാര്യമാണെന്നുമാവാം നോവലിസ്റ്റ് സൂചിപ്പിക്കുന്നത്. മാത്രമല്ല, രാവണനിഗ്രഹം നിർവഹിച്ചത് രാമനാണെങ്കിലും അതിനുപിന്നിലെ തന്ത്രങ്ങൾ നിസ്വാർത്ഥമായി നിർവഹിച്ചത് മന്ഥരയും കൈകേയിയുമാണെന്ന് വരുമ്പോൾ രാവണനിഗ്രഹത്തിന്റെ പരോക്ഷകർതൃത്വം തന്നെ അവർക്ക് ലഭിക്കുന്നുണ്ട്. സീതായനത്തിൽ രാവണവധത്തിനുശേഷം മണ്ഡോദരി ശ്രീരാമനോട് സംഭാഷണം നടത്തുന്ന ഒരു സന്ദർഭം ചിത്രീകരിച്ചിരിക്കുന്നു. ഇത് മൂലകൃതിയിൽ ഇല്ലാത്തതാണ്. രാമൻ സീതയെ അവിശ്വസിച്ചതുപോലെ തന്റെ ഭർത്താവ് തന്നെ അവിശ്വസിക്കുകയില്ല യെന്നും തന്റെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനുള്ള കഴിവ് രാവണന് ഉണ്ടായിരുന്നു വെന്നുമുള്ള മണ്ഡോദരിയുടെ വാക്കുകൾ ചില നിമിഷങ്ങളിൽ രാവണനേക്കാൾ എത്ര നിസ്സാരനാണ് രാമൻ എന്ന് കാണിക്കാനാവണം നോവലിസ്റ്റ് അവതരിപ്പിച്ചത്. സ്ത്രീയെ പ്രധാന കഥാപാത്രമായി അവതരിപ്പിച്ചിട്ടുള്ള ഈ മൂന്ന് നോവലുകളിലും സ്ത്രീവീക്ഷണ ത്തിലൂടെ ഭൂതവർത്തമാനകാലങ്ങൾ അനാവൃതമാകുകയാണ്. പ്രതികരിക്കാനാവാതെ പോയ സ്ത്രീയുടെ വീർപ്പുമുട്ടലുകളാണ് ഇതിലെ നായികമാർ അനുഭവിക്കുന്നത്.

രാമായണം എന്നാൽ രാമന്റെ കഥ എന്നർത്ഥം. ആദികവി തന്റെ രചനയ്ക്ക് രാമന്റെകഥ എന്നർത്ഥത്തിൽ രാമായണം എന്ന പേർ കൊടുത്തു. പുരുഷാധിപത്യവ്യവസ്ഥ നിലനിന്ന സമുദായത്തിന്റെ മനോഭാവംതന്നെയാണ് ഈ പേര് തിരഞ്ഞെടുക്കുന്നതിനു പിന്നിലും പ്രവർത്തിച്ചതെന്ന് കരുതാം. അതുകൊണ്ടു തന്നെ സീതായനം എന്ന പേര് തന്റെ നോവലിന് നൽകിയ കെ. സുരേന്ദ്രൻ ഇതൊരു സ്ത്രീയുടെ കഥയാണ് എന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നത് കാണാം. ഈ നോവലുക ളിൽ വിവിധ സന്ദർഭങ്ങളിൽ വ്യക്തമായ സ്ത്രീ പക്ഷ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. മലയാളക്കരയ്ക്ക് മനഃപാഠമായ രാമായണകഥാസന്ദർഭങ്ങൾ അതേപടി പകർത്താനല്ല ഇവയിൽ ശ്രമിച്ചിരിക്കുന്നത്. തങ്ങളുടെ നായികമാരുടെ വീക്ഷണകോണിൽ നിന്ന്, രാമായണത്തെ ഒരു പ്രത്യേകരീതിയിൽ ആവിഷ്കരിക്കാനാണ് ഇവയുടെ കർത്താക്കൾ ശ്രമിച്ചിട്ടുള്ളത്. ഒരുപാടു കുറ്റപ്പെടുത്തലുകൾ ഏറ്റുവാങ്ങിയ മന്ഥര ഊർമ്മിളയോട് യഥാർത്ഥത്തിൽനടന്ന സംഭവം വിവരിക്കുന്നതായി *വംശസാക്ഷി*യിൽ അവതരിപ്പിച്ചിരിക്കുന്നുണ്ട്. ഒരു സ്ത്രീയ്ക്കു മാത്രമേ മറ്റൊരു സ്ത്രീയെ മനസ്സിലാക്കാൻ സാധിക്കൂ എന്നതിനാലാവണം ലോകത്തിൽ മുഴുവൻ പ്രചരിച്ച ഒരു കഥയുടെ യഥാർത്ഥവശം വളരെ വൈകിയാണെങ്കിലും തുറന്നുപറയാൻ മന്ഥര ഊർമ്മിളയെ

തിരഞ്ഞെടുത്തത്. രാവണനെ പരാജയപ്പെടുത്തി ചരിത്രത്തിലിടം നേടിയ രാമന്റെ വിജയത്തിനുപിന്നിൽ പ്രവർത്തിച്ചത് ഒരു സ്ത്രീയാണെന്ന് വരുത്തിത്തീർക്കുന്നു ഇതിലൂടെ നോവലിസ്റ്റ് .

*സീതായന*ത്തിൽ പൗരസദസ്സിനു മുന്നിൽ ചാരിത്ര്യശുദ്ധി തെളിയിക്കുന്ന പ്രതിജ്ഞ എടുക്കാൻ രാമൻ സീതയോട് ആവശ്യപ്പെടുമ്പോൾ അതിനെ എതിർത്ത സീത "ചരടിനൊത്തു തുള്ളാൻ ഞാനെന്താ പാവയോ ?" എന്ന് ചോദിക്കുന്നുണ്ട് (സീതായനം,പുറം 193 ). ഇവിടെ മുറിവേറ്റ ആത്മാഭിമാനത്തോടെ പ്രതികരിക്കുന്ന സീതയെ - ഇന്നത്തെ സ്ത്രീയെ - കാണാം. "പാവയോ ഇവൾ " എന്ന വരികൾ ഉൾക്കൊള്ളുന്ന ചിന്താവിഷ്ടയായ സീതയുടെ കാവ്യപരിസരവും കൃതിയെ സ്വാധീനിച്ചുവെന്നതിനുള്ള തെളിവുകൂടിയാണ് ഇത്. സീതയുടെ ആത്മപരിശുദ്ധി ക്കുമുന്നിലാണ് രാവണൻ ആദ്യം തോറ്റതെന്നും സീത സൃഷ്ടിച്ചുകൊടുത്ത സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി രാമൻ ചരിത്രപുരുഷനായി എന്നുമുള്ള *വംശസാക്ഷി*യിലെ സുമിത്രയുടെ വാക്കുകൾ വ്യക്തമായ സ്ത്രീപക്ഷ നിലപാട് പുലർത്തുന്നവയാണ്. ജനങ്ങളുടെ തെറ്റിദ്ധാരണ മാറ്റാനല്ല നിലനിർത്താനാണ് രാമൻ ശ്രമിച്ചതെന്നു ള്ള സുമന്ത്രരുടെ വാക്കുകൾ, നോവലിസ്റ്റിന്റെതന്നെ അഭിപ്രായമായി കാണാം. ഇവിടെയും ഒട്ടൊക്കെ സ്ത്രീവാദപരമായത്തന്നെ അദ്ദേഹം ചിന്തിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽ സ്ത്രീപക്ഷമായി അവതരിപ്പിച്ചിരിക്കുന്നെങ്കിലും എഴുത്തുകാരുടെ പുരുഷാവബോധം എഴുത്തിനുള്ളിൽ പലയിടത്തും നിഴലിക്കുന്നുണ്ട്.

*ഊർമ്മിള* യിൽ വനവാസത്തിനു ലക്ഷ്മണൻ ജ്യേഷ്ഠനോടും ജേഷ്ഠത്തിയോടുമൊ പ്പം പോകുന്നത് വിരഹിണിയായ ഊർമ്മിളയ്ക്ക് വലിയ ആഘാതം സൃഷ്ടിച്ചതായി ചിത്രീകരിച്ചിരിക്കുന്നു. താൻ ഏകാകിനിയാണെന്നും സീത ഭർത്താവിനോടൊപ്പമാണെ ന്നുമുള്ള ചിന്ത ഊർമ്മിളയിൽ അസൂയ ജനിപ്പിച്ചുവെന്നും പിന്നൊരിക്കൽ ജ്യേഷ്ഠത്തിക്ക് ദോഹദം സാധിച്ചുകൊടുക്കാൻ ലക്ഷ്മണൻ നിയുക്തനായപ്പോൾ സീതാലക്ഷ്മണൻമാരുടെ ബന്ധത്തെപ്പറ്റി തെറ്റായരീതിയിൽ ഊർമ്മിള ചിന്തിച്ചുവെന്നും പരാമർശിച്ചിട്ടുണ്ട്. ഇവിടെയെല്ലാം സ്ത്രീയെന്നാൽ വെറും ശരീരമാണെന്നും അവളുടെ ചിന്തകൾ അതിനെ ചുറ്റിപ്പറ്റി ആയിരിക്കുമെന്നുമുള്ള മുൻവിധിയോടെ ഊർമ്മിളയെന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നു. പുരുഷനെ വേറിട്ട് സ്ത്രീയ്ക്കൊരു ജീവിതമില്ലെന്നും സ്ത്രീ പൂർണ്ണത യിൽ എത്തുന്നത് പുരുഷനോടൊപ്പം മാത്രമാണെന്നും ഒരിക്കലും ഒറ്റയ്ക്ക് ജീവിക്കാൻ അവർക്കാവില്ല എന്നും പുരുഷമനസ്സിൽ അഗാധമായി വേരോടിയ ചില തെറ്റിദ്ധാരകളാ ണ് ഈ രീതിയിൽ ചിന്തിക്കാൻ നോവലിസ്റ്റിനെ പ്രേരിപ്പിക്കുന്നത്. "നിഷാദനെങ്കിലും ദശഗ്രീവന്റെ ഭാര്യാ പദം സ്വീകരിച്ചിരുന്നെങ്കിൽ എന്റെ ജ്യേഷ്ഠത്തിക്ക് ഈ വിധം അപഹാസ്യയായി തീരേണ്ടി വരില്ലായിരുന്നു " (ഊർമ്മിള, പുറം 137) എന്ന ഊർമ്മിളയുടെ ചിന്ത ഇതിഹാസപുനരാഖ്യാനത്തെ സമകാലതീക്ഷ്ണതയിൽ കാണുന്ന നോവലിസ്റ്റിന്റെ വാക്കുകളാണ്.

പഴയകാല മൂല്യസങ്കൽപങ്ങളിൽ അമർന്നിരിക്കുന്ന വിശ്വാസമാണ് *സീതായന*ത്തിലുള്ളത്. സാഹിത്യത്തിൽ സ്ത്രീപക്ഷപരമായ സമീപനങ്ങൾ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാവണം ചില വേറിട്ട സ്ത്രീശബ്ദങ്ങൾ തന്റെ രചനയിൽ ആവിഷ്കരിക്കാൻ മനഃപ്പൂർവ്വം നോവലിസ്റ്റ് ശ്രമിക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ മനസ്സിലെ 'ഉത്തമഗുണവതിയായ സ്ത്രീ', ആ വേറിട്ട സ്ത്രീശബ്ദങ്ങളുടെ ഉടമകളുടെ കണ്ഠനാളത്തിൽ പിടിമുറുക്കുന്നതായാണ് കാണാൻ കഴിയുന്നത്. സൗന്ദര്യമുള്ള പെണ്ണിന് പറഞ്ഞിട്ടുള്ളത് ദുഃഖമാണെന്ന് പറയുന്ന അഞ്ജനയും രാവണനെ എതിർക്കാൻ തനിക്ക് കഴിയാത്തത് അബലയായി തന്നെ ഈശ്വരൻ സൃഷ്ടിച്ചതുകൊണ്ടാണെന്ന് പറയുന്ന സീതയും, സ്ത്രീ അബലയാണെന്നും സുന്ദരമായ ശരീരം മാത്രമാണ് അവർക്കുള്ളതെന്നുമുള്ള നോവലിസ്റ്റിന്റെ ചിന്തയിൽ അങ്കുരിച്ചവരാണ്. ദോഹദം സാധിച്ചുകൊടുക്കാനെന്ന വ്യാജേന സീതയെ അടുത്ത ദിവസം കാട്ടിൽ ഉപേക്ഷിക്കാൻ തീരുമാനിച്ച രാമൻ, തലേദിവസം രാത്രി ജീവനില്ലാത്ത തടിപോലെയാണ് സീത കിടക്കുന്നതെന്ന് പറഞ്ഞത് എക്കാലവും സ്ത്രീയെന്നാൽ ശരീരം മാത്രമാണെന്ന് ചിന്തിച്ചുറപ്പിച്ച പുരുഷന്റെ സമീപനരീതിയായി കാണാം. അവിടെയും സ്ത്രീയെ മനസ്സിലാക്കുന്നതിൽ നോവലിസ്റ്റ് പരാജയപ്പെടുന്നു.

*സീതായന*ത്തിലെ കഥാപാത്രങ്ങൾക്ക് ദേവതാപരിവേഷം നോവലിസ്റ്റ് നൽകുന്നു. എന്നാൽ *ഊർമ്മിള*യും *വംശസാക്ഷി*യും മജ്ജയും മാംസവുമുള്ള സാധാരണ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. സംഭവങ്ങളെ സാധാരണീകരിച്ച് പറയുന്നതിൽ *വംശസാക്ഷി*യുടെ കർത്താവ് പ്രത്യേകശ്രദ്ധ പുലർത്തുന്നുണ്ട്. ഊർമ്മിളയിൽ ഇതിഹാസകാരൻ ശബ്ദം നൽകാത്ത ഊർമ്മിളയെ ചിന്തയും ശബ്ദവുമുള്ള പ്രതികരിക്കുന്ന സ്ത്രീയായി അവതരിപ്പിച്ചു. "രാത്രിയുടെ മറവിൽ യാദൃശ്ചികമായി പ്രാപിച്ച വേശ്യയോടു പോലും തിരിഞ്ഞൊരു വാക്കുപോലും പറയാതെ പോകുന്ന പുരുഷനുണ്ടോ .... തെരുവോരങ്ങളിൽ സ്ത്രൈണതയ്ക്ക് വില പറയുന്ന അവരുടെ സ്ഥാനം പോലും എനിക്കെന്റെ കുമാരൻ തന്നില്ലല്ലോ " (ഊർമ്മിള, പുറം 106) എന്ന വാക്കുകൾ രാമായണത്തിലുടനീളം മൗനിയാക്കപ്പെട്ട ഇതിഹാസനായിക തന്റെ ഇടം തിരിച്ചു പിടിക്കുന്നതിന്റെ ഉദാഹരണമാണ്. അസൂയയും വെറുപ്പും ഒക്കെയുള്ള സാധാരണ സ്ത്രീയായാണ് ഊർമ്മിളയെ മാത്യൂസ് കടമ്പനാട് അവതരിപ്പിച്ചിരിക്കുന്നത്. അങ്ങനെ സാധാരണസ്ത്രീയാക്കുന്നതിനുവേണ്ടി ഉപയോഗിച്ച ചായം അൽപം കടുത്തുപോയോ എന്നുപോലും സംശയിക്കാം. രാമായണത്തിലെ പ്രശസ്തമായ രണ്ടു സ്ത്രീകഥാപാത്രങ്ങളെ മുൻനിർത്തി എഴുതപ്പെട്ട ഈ മൂന്നു നോവലുകളും ആധുനികകാലത്തിന്റെ ആശയലോകങ്ങളുടെ പശ്ചാത്തലത്തിലായിട്ടും ഗൗരവതരമായ പൊളിച്ചെഴുത്തുകൾക്കോ വ്യാഖ്യാനത്തിനോ മുതിർന്നിട്ടില്ല. *വംശസാക്ഷി*യിലെ മന്ഥര, കൈകേയി എന്നീ കഥാപാത്രങ്ങളെക്കുറിച്ചുള്ള വീണ്ടുവിചാരം മാത്രമാണ് കുറച്ചെങ്കിലും വ്യത്യസ്തമെന്ന് പറയാവുന്നത്. എങ്കിലും സ്ത്രീമനസ്സുകളെ പുരുഷന്മാർക്ക് എത്രത്തോളം വേറിട്ട് ഉൾക്കൊള്ളാനാകും എന്നതിന്റെ ചില മാതൃകകൾ എന്ന നിലയിൽ ഈ നോവലുകളെ പരിഗണിക്കാവുന്നതാണ്.

സമകാലികസാഹിത്യത്തിൽ രാമായണകഥാസ്പദങ്ങളായ രചനകൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നു. പ്രത്യക്ഷ - പരോക്ഷ സ്വാധീനതകളുടെ തലവും പുനഃസൃഷ്ടിയുടെ തലവുമൊക്കെ പിന്നിട്ട് മിത്തുകളിൽക്കൂടി രാമായണസ്വാംശീകരണം നടത്താൻവരെ ഇന്നത്തെ എഴുത്തുകാർക്ക് കഴിയുന്നു. തങ്ങളുടേതായ വീക്ഷണ കോണിലൂടെ രാമായണത്തെ നോക്കിക്കാണാനും തങ്ങളുടെ മനോഭാവത്തിനനുസരിച്ച് രചന നടത്താനും ഇന്നത്തെ സാഹിത്യകാർക്ക് സാധിക്കുന്നു. ഇതിനർത്ഥം ഇന്നലത്തെപ്പോലെ എന്നും രാമായണത്തിന്റെ പ്രസക്തി വർദ്ധിക്കുകയാണ് എന്നാണ്. ഇനി വരുംകാലങ്ങളിലും അത് അങ്ങനെതന്നെയായിരിക്കുകയും ചെയ്യും. ഇവിടെ പഠന വിഷയമാക്കിയ *'സീതായനം' 'വംശസാക്ഷി' 'ഊർമ്മിള'* എന്നീ നോവലുകൾ സ്ത്രീപക്ഷ വീക്ഷണത്തിലൂടെ ഇതിഹാസത്തെ നോക്കികാണാൻ ശ്രമിച്ച മൂന്നു പുരുഷൻമാരായ എഴുത്തുകാരുടെ രചനകളാണ്. പുരുഷന്റെ സ്ത്രീപക്ഷവീക്ഷണത്തിന്റെ വിവിധതലങ്ങൾ മനസ്സിലാക്കാനും അത് ഒരു സ്ത്രീയുടെ വീക്ഷണത്തിൽനിന്നും എത്രയൊക്കെ വ്യത്യാസ പ്പെട്ടിരിക്കുന്നുവെന്ന് മനസിലാക്കാനും ഈ പഠനംകൊണ്ട് എറെക്കുറെ സാധിച്ചിട്ടുണ്ട്. രചനാകാലത്ത് സമൂഹത്തിൽ നിലവിൽവന്ന പുതിയ പ്രവണത എന്ന കൗതുക ത്തൊടെയാണ് കെ സുരേന്ദ്രൻ *സീതായന*ത്തിൽ സ്ത്രീപക്ഷനിലപാട് സ്വീകരിച്ചത്. എന്നാൽ സാഹിത്യകാരൻ തന്റെ ആത്മാവിൽ ഏറ്റുവാങ്ങാത്ത പുതിയപ്രേരണ കൾക്കെല്ലാം സംഭവിക്കുന്നതരത്തിൽ രചനയുടെ ബാഹ്യാലങ്കാരങ്ങളിൽ, പ്രത്യേകിച്ച് പേരിടലിൽ ഒതുങ്ങിനിൽക്കാനേ ഈ നിലപാടിലൂടെ അദ്ദേഹത്തിന് കഴിഞ്ഞുള്ളൂ. കുറച്ചുകൂടെ മുന്നോട്ടുപോകാൻ മാത്യൂസ് കടമ്പനാട് *ഊർമ്മിള*യിൽ ശ്രമിച്ചിട്ടുണ്ടെങ്കിലും കഥാപാത്രങ്ങളുടെ മനോഗതിയിൽ കൃത്രിമത്വം കലർത്തുന്ന തരത്തിൽ ചില ഇടപെടലുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. സ്ത്രീപക്ഷനിലപാടുമായി ഏറെക്കുറെ അടുത്തുനിൽക്കുന്നത് ജി. ഗോപാലകൃഷ്ണൻ നായരുടെ *വംശസാക്ഷി*യാണ്. ഊർമ്മിള എന്ന കരുത്തുറ്റ കഥാപാത്രത്തെ ആവിഷ്കരിക്കുന്നതിൽ നല്ല കയ്യടക്കമുണ്ട് *വംശസാക്ഷി*യുടെ കർത്താവിന്. എന്നാൽ സ്ത്രീയെയും അവളുടെ പ്രത്യേക മാനസികാ വസ്ഥകളെയും മനസ്സിലാക്കുന്നതിൽ ഈ പുരുഷകഥാകാരന്മാർ പൂർണ്ണമായി വിജയിച്ചിട്ടില്ല. ഒരു സ്ത്രീയുടെ തപ്തനിശ്വാസങ്ങളും വികാരവിചാരങ്ങളും സൂക്ഷ്മമായി മനസ്സിലാക്കാൻ മറ്റൊരു സ്ത്രീക്കു മാത്രമേ കഴിയുകയുള്ളൂ എന്നുപറയുന്നത് ശരിവയ്ക്കുന്നതരത്തിലാണ് ഇവയുടെ അവതരണ പശ്ചാത്തലം. അതുകൊണ്ടുതന്നെ സ്ത്രീപക്ഷനിലപാടാണ് സ്വീകരിച്ചതെന്ന് ഉദ്ഘോഷിച്ചുകൊണ്ടോ നോവലിൽ സ്ത്രീപക്ഷ സമീപനം ഉയർത്തികാണിച്ചുകൊണ്ടോ ഒരു നല്ല സ്ത്രീപക്ഷനോവൽ പുരുഷന് രചിക്കാൻ കഴിയണമെന്നില്ല. സ്ത്രീയെ മനസ്സിലാക്കുകയും അവളുടെ വികാരവിചാര ങ്ങൾ ഉൾക്കൊള്ളുകയും അവളുടെ മനസ്സിലെ ഭാവതീവ്രതകൾ അതേപടി ആവിഷ്കരി ക്കുകയും ചെയ്യുന്നതാവണം സ്ത്രീപക്ഷരചനകൾ. കുട്ടിക്കാലംമുതൽ മുതൽ പുരുഷനെന്നും സ്ത്രീയെന്നുമുള്ള വിവേചനത്തിന്റെ വിത്ത് മനസ്സിൽ കൊണ്ടുനടക്കുന്ന നമ്മുടെ സമൂഹ ത്തിലെ പുരുഷന് ഒരു തികഞ്ഞ സ്ത്രീപക്ഷവാദിയായി മാറാൻ പലപ്പോഴും കഴിയാറില്ല. മനസ്സും അഹംബോധവും ആ അവസരങ്ങളിൽ അവന്റെ ശത്രുവായിമാറാറുണ്ട്. അതുകൊ

ണ്ടുതന്നെ സ്ത്രീയെ മനസ്സിലാക്കാൻ, അവളുടെ വികാരവിചാരങ്ങൾ അതേതീവ്രത ഉൾക്കൊണ്ട് ആവിഷ്കരിക്കാൻ ഇന്നത്തെ സമൂഹത്തിൽ ഒരു സ്ത്രീക്ക് മാത്രമേ കഴിയുകയുള്ളൂ എന്ന് ഈ രചനകൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഈ രംഗത്ത് സ്ത്രീരചനകൾ പൊതുവെ കുറവാണ്. അതിനാൽ ഈ പരിമിതികളുടെ പശ്ചാത്തലത്തിൽ ഇത്തരം നോവലുകളുടെ പ്രാധാന്യം നിലനിൽക്കുകതന്നെ ചെയ്യും.

**ഉപസംഹാരം**

സീത, ഊർമ്മിള എന്നീ കഥാപാത്രങ്ങളെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഈ മൂന്നുനോവലുകളും, പ്രധാനമായി രാമായണകഥയ്ക്ക് ഇന്നുമുള്ള ആവിഷ്കാരസാധ്യത കളിലേക്കാണ് വിരൽചൂണ്ടുന്നത്. മനുഷ്യാവസ്ഥകളുടെ വർത്തമാനകാലമുഖം വിശദമാക്കുന്നതിന് എക്കാലത്തും ഇവയ്ക്ക് കഴിയുമെന്ന് ഇതിലൂടെ തെളിയുന്നു. മാത്രമല്ല, ഇനിയും പുതിയ പാഠഭേദങ്ങളോടെ പുനരവതരിപ്പിക്കാനുള്ള സാധ്യത രാമായണ ത്തിനുണ്ടെന്നും മനസ്സിലാക്കാം. സീതയെയും ഊർമ്മിളയെയും രാമായണത്തിലെ പുരുഷക്രിയകളുടെ അനുഭോക്താക്കളും വിധേയകളും മാത്രമായി അവതരിപ്പിക്കുന്നതിനു പകരം ഇന്നിന്റെ വെളിച്ചത്തിൽ മാനസികമായി കലഹിക്കുന്നവരാക്കുന്നതിൽ പക്ഷെ ഈ എഴുത്തുകാർ പൂർണ്ണമായി വിജയിച്ചിട്ടില്ല.വിധേയവ്യക്തിത്വത്തിന്റെ ഓർമ്മകളി ലൂടെ കടന്നുപോകുന്നവരായി അവരെ ചിത്രീകരിക്കാനേ ഇവർക്കായുള്ളൂ. എന്നാൽ *വംശസാക്ഷി* യിൽ മന്ഥരയെയും കൈകേകിയെയും ശപ്തവ്യക്തിത്വത്തിൽ നിന്ന് മോചിപ്പിക്കാൻ തൽക്കർത്താവ് യതിച്ചിട്ടുള്ളത് ആശാസ്യമായി കരുതാം. മാത്രമല്ല ധാരാളം പുനരാഖ്യാനങ്ങൾ ഈ പാതയിൽ എത്തുന്നതിന് ഈ രചനകൾ പരോക്ഷമായെങ്കിലും കാരണമായി എന്നതും ആശ്വാസകരമാണ്.

## ഗ്രന്ഥസൂചി


- കാമിൽ ബുക്ക് ഫാദർ , രാമകഥ വിവർത്തനം അഭയദേവ് , കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 1990
- കുഞ്ഞുരാമൻ സി.വി., വാല്മീകി രാമായണം, കൗമുദി പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം 2001.
- കുട്ടികൃഷ്ണമാരാർ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 1996.
- ഗോപാലകൃഷ്ണൻ ജി , വംശ സാക്ഷി,ഡി സി ബുക്സ് കോട്ടയം, 2000.
- തരകൻ കെ. എം., മലയാള നോവൽ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1990.
- ദേവിക ജെ, സ്ത്രീവാദം, ഡിസി ബുക്സ് , കോട്ടയം, 2000
- നാരായണമേനോൻ വള്ളത്തോൾ വിവർത്തനം, ശ്രീവാത്മീകിരാമായണം, രണ്ട് വാല്യങ്ങൾ, സുലഭ ബുക്സ് , തൃശ്ശൂർ 1998 .
- പവിത്രൻ പി. ആശാൻ കവിത ആധുനികാനന്തര പാഠങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 2002
- ബാലചന്ദ്രൻ പി, മായാസീതാങ്കം , ഡി സി ബുക്സ് കോട്ടയം, 2000.
- മാത്യൂസ് കടമ്പനാട് ,ഊർമ്മിള , പ്രസാധകൻ ഗ്രന്ഥകർത്താവ് , വിതരണം കറന്റ് ബുക്സ് കോട്ടയം, 1998.
- മൂസ്സത് സി.കെ., രാമകഥ മലയാളത്തിൽ, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 1989.
- വർമ്മാജി ആർ. എസ്. പ്രൊഫസർ , രാമായണത്തിന്റെ സ്വാധീനം മലയാളത്തിൽ, എസ് പി സി എസ് കോട്ടയം 1988 .
- ശ്രീകണ്ഠൻ നായർ സി. എൻ. (നാടകത്രയം ) സാകേതം, ലങ്കാലക്ഷ്മി, കാഞ്ചനസീത , ഡിസി books കോട്ടയം 2003.
- സച്ചിദാനന്ദൻ എഡിറ്റർ ,സ്ത്രീ പഠനങ്ങൾ, ബോധി പബ്ലിഷിംഗ് ഹൗസ് , കോഴിക്കോട് 1990.
- സാറാജോസഫ് , പുതുരാമായണം - രാമായണകഥകൾ വീണ്ടും പറയുമ്പോൾ , കറൻറ് ബുക്സ് തൃശ്ശൂർ 2006.
- സുരേന്ദ്രൻ കെ. സീതായനം എസ് പി സി എസ് കോട്ടയം 1993 .
- സിവിക് ചന്ദ്രൻ ,പല പല രാമായണങ്ങൾ, പാഠഭേദം ബുക്സ് , പ്രസാധനം - ഫോളിയോ ബുക്സ് , കോഴിക്കോട്, മെയ് 2019